**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4626** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം നിലവിൽ 2,00,000/-രൂപയാണ് അനുവദിക്കുന്നത്. അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. അപേക്ഷകന്റെ വരുമാന പരിധി 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മരണം നടന്ന് രണ്ട് വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം യഥാസമയം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്ത് വരുന്നു. ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന കൂടുതൽ തുക ലഭ്യമാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം ലഭിക്കാനുള്ള അപേക്ഷകർക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്. |
| (സി) | ഏത് സാമ്പത്തിക വർഷം മുതൽ അപേക്ഷ സമർപ്പിച്ചവർക്കാണ് നിലവിൽ ധനസഹായം നൽകാനുള്ളത്; ഓരോ സാമ്പത്തിക വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക, ധനസഹായം നൽകാൻ അവശേഷിക്കുന്ന | (സി) | ഓരോ സാമ്പത്തിക വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക, ധനസഹായം നൽകാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം, ധനസഹായ വിതരണത്തിന് ഇനി ആവശ്യമായ തുക |

| | | | |
|---|---|---|---|
| | അപേക്ഷകളുടെ എണ്ണം, ധനസഹായ വിതരണത്തിന് ഇനി ആവശ്യമായ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | | എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സമർപ്പിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും നിരസിക്കാനുണ്ടായ കാരണങ്ങളും വിശദമാക്കാമോ; | (ഡി) | പദ്ധതി മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത 342 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. കുടുംബത്തിൽ മറ്റു വരുമാനദായകർ ഉള്ളതും അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വന്ന അപേക്ഷകളുമാണ് നിരസിച്ചിട്ടുള്ളത്. |
| (ഇ) | നാളിതുവരെ ലഭ്യമായ അപേക്ഷകളിലെ അർഹരായ മുഴുവൻ പേർക്കും നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ധനസഹായം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നടപ്പ സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന കൂടുതൽ തുക ലഭ്യമാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ